## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*217. 05.10.2016 ന് മറുപടിയ്ക്ക്

## മദ്യവർജ്ജന നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>,, അടൂർ പ്രകാശ്<br>,, ഷാഫി പറമ്പിൽ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കാനുള്ള മുൻ സർക്കാരിന്റെ നയം മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | മദ്യനിരോധനം ഈ സർക്കാരിന്റെ നയമല്ല. മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഓരോ വർഷവും ഒക്ടോബർ 2 ന് ബിവറേജസ് കോർപ്പറേഷന്റെ 10 ശതമാനം വില്പന കേന്ദ്രങ്ങൾ പൂട്ടുവാനുള്ള മുൻസർക്കാരിന്റെ ഉത്തരവ് മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള സാഹചര്യം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 1.10.2016 ലെ സർക്കാർ ഉത്തരവ് (എം.എസ്)92/2016/നി.വ പ്രകാരം നിലവിലെ FL-1 ഷോപ്പുകൾ തുടരുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. FL-1 ഷോപ്പുകൾ നിറുത്തലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ മദ്യലഭ്യത കുറഞ്ഞതുമൂലം അനധികൃത മദ്യത്തിന്റെ ഉല്പാദനവും വിപണനവും കൂടിയതായി 2014, 2015 വർഷങ്ങളിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള അബ്കാരി/ NDPS കേസുകൾ വ്യക്തമാക്കുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരിവസ്തുക്കളുടെ ലഭ്യതയും വിപണനവും കർശനമായി നിയന്ത്രിച്ച് വരുന്നുണ്ടെങ്കിലും പലയിടങ്ങളിലും മദ്യലഭ്യത കുറഞ്ഞതോടെ മയക്കുമരുന്ന്/കഞ്ചാവ്/മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത്, വില്പന, ഉപഭോഗം എന്നിവ വർദ്ധിച്ച് വരുന്നതായും എക്സൈസ് കമ്മീഷണർ ചൂണ്ടിക്കാട്ടിയിരുന്നു. |
| (സി) | ഇക്കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ് വഴി എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; | (സി) | 2016-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (06.09.2016 മുതൽ 15.09.2016 വരെ) 494.12 കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | മുൻവർഷത്തെ അപേക്ഷിച്ച് മദ്യവില്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ഡി) | 2016-17 സാമ്പത്തിക വർഷത്തെ (ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വില്പനയിൽ 2015-16 സാമ്പത്തിക വർഷത്തെ വില്പനയെക്കാൾ (ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ) 3.29 ലക്ഷം കെയ്സുകളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (4% വർദ്ധനവ്). ടി കാലയളവിലെ ബിയർ വില്പനയിൽ 1.02 ലക്ഷം കെയ്സുകളുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. (2% വർദ്ധനവ്). കൂടാതെ ഈ കാലയളവിൽ വില്പന മൂല്യത്തിൽ 173 കോടി രൂപയുടെ വർദ്ധനവും (4%) ഉണ്ടായിട്ടുണ്ട്.<br>2015-16 സാമ്പത്തിക വർഷത്തിലെ ഓണക്കാലത്തെ 10 ദിവസങ്ങളിലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 433.70 കോടി രൂപയായിരുന്നു എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ഓണക്കാലത്തെ 10 ദിവസങ്ങളിലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 494.12 കോടി രൂപയാണ്. വിറ്റു വരവിൽ 60.42 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി. |
| (ഇ) | 2014, 2015 എന്നീ വർഷങ്ങളിൽ ഓണക്കാലത്ത് വില്പനയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നപ്പോൾ, ഈ വർഷം വർദ്ധനവ് രേഖപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ഇ) | എല്ലാ വർഷവും ഓണക്കാലങ്ങളിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് മുൻകാലങ്ങളെക്കാൾ വിറ്റുവരവ് ഉണ്ടാകാറുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• 2014-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 10 ദിവസങ്ങളിലെ വിറ്റുവരവ് 2013-ലെ ഓണക്കാലത്തെ വിറ്റുവരവിനേക്കാൾ 4.33 കോടി രൂപ കൂടുതലായിരുന്നു.<br>• 2015-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 10 ദിവസങ്ങളിലെ വിറ്റുവരവ് 2014-ലെ ഓണക്കാലത്തെ വിറ്റുവരവിനേക്കാൾ 104.01 കോടി രൂപ കൂടുതലായിരുന്നു.<br>• 2016 ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 10 ദിവസങ്ങളിലെ വിറ്റുവരവ് 2015-ലെ ഓണക്കാലത്തെ വിറ്റുവരവിനേക്കാൾ 60.42 കോടി രൂപ കൂടുതലായിരുന്നു. |
| (എഫ്) | മദ്യവർജ്ജനമെന്ന നയം | (എഫ്) | കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി, അതിൽ |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | | നിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വൻപിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.<br>മദ്യത്തിന്റേയും ലഹരി പദാർത്ഥങ്ങളുടേയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവല്ക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 100 ലധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുക യുണ്ടായി. കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ-ലഹരി ഉപഭോഗവും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ഒരു ബോധവൽ ക്കരണ മിഷൻ രൂപീകരിച്ച് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെ വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**